(എഫ്) കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ച ജലകൃഷി വിദഗ്ധർക്കും ഫിഷറീസ് എക്സ്റ്റെൻഷൻ ആഫീസർമാർക്കും ഉയർന്ന ശമ്പളസ്കെയിൽ നൽകിയത് നിയമവിരുദ്ധമാണെന്ന് അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നാലുടൻ അതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. മുഖേന നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(എച്ച്) ക്രമവിരുദ്ധമായി നിയമനം നടത്തിയിട്ടില്ല.

ഒഴിക്കൽ ഫിഷറീസ് ഹാർബർ ഐസ്പ്ലാന്റും പീലിംഗ് ഷെഡും ഉപയോഗപ്രദമാക്കാൻ നടപടി

9 (2884) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ഒഴിക്കൽ ഫിഷറീസ് ഹാർബറിനോടനുബന്ധിച്ചുള്ള ഐസ് പ്ലാന്റും പീലിംഗ് ഷെഡും മത്സ്യ ഫെഡിന് കൈമാറിയിട്ടുണ്ടോ ;

(ബി) എങ്കിൽ അത് ഉപയോഗിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഐസ്പ്ലാന്റും പീലിംഗ് ഷെഡ്ഡും പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഐസ് പ്ലാന്റ് മത്സ്യഫെഡിന് കൈമാറിയിട്ടുണ്ട്.

(ബി) വളരെക്കാലമായി പ്രവർത്തനരഹിതമായി കിടക്കുന്ന പ്ലാന്റിൽ ആവശ്യമായ അറ്റകുറ്റപണികൾ നടത്തി ഉപയോഗയോഗ്യമാക്കേണ്ടതുണ്ട്.

(സി) മത്സ്യഫെഡ് ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റിന്റെ ലിങ്ക് പ്ലാന്റായി ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യത പഠിച്ചുവരുന്നു.

സൂസുക്കി എഞ്ചിനുകളുടെ വില

10 (2885) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും ഒടുവിലായി ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുമ്പോൾ 9.9 കുതിര ശക്തിയുള്ള സൂസുക്കി എഞ്ചിന് എന്ത് വിലയായിരുന്നു ; ഇനം തിരിച്ചുള്ള വിവിധ എഞ്ചിനുകളുടെ അന്നത്തെ വിലനിലവാരം വെളിപ്പെടുത്താമോ ;

(ബി) 9.9 എച്ച്. പി. യുള്ള സൂസുക്കി എഞ്ചിൻ എന്തു വിലയ്ക്കാണ് മത്സ്യഫെഡ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നത് ; വിവിധ എഞ്ചിനുകളുടെ വിലനിലവാരം ഇനം തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു 9.9 എച്ച്. പി. സുസുക്കി എഞ്ചിൻ വിൽക്കുമ്പോൾ മത്സ്യഫെഡിന് എത്ര രൂപ ലാഭം ലഭിക്കും ;

(ഡി) സുസുക്കി എഞ്ചിനുകൾ വാങ്ങുന്നതിൽ മത്സ്യഫെഡിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കുറ്റക്കാർ ആരെല്ലാം ;

(ഇ) അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 44961 രൂപ. വിവിധ എഞ്ചിനുകളുടെ വില നിലവാരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇറക്കുമതി ചെലവ് മറ്റു അനുബന്ധ ചെലവുകൾ, മത്സ്യഫെഡിനുള്ള മാർജിൻ എന്നിവ ഉൾപ്പെടെ നിലവിൽ ഒരു 9.9 എച്ച്. പി. സുസുക്കി എഞ്ചിന്റെ അടിസ്ഥാനവില 65,000 രൂപയാണ്. വിവിധ എഞ്ചിനുകളുടെ വില നിലവാരം താഴെ കൊടുത്തിരിക്കുന്നു :

ബ്രാന്റും കുതിരശക്തിയും	*അടിസ്ഥാനവില (രൂപ)*
സുസുക്കി	
9. 9 എച്ച്. പി.	65,000
25 എച്ച്. പി.	79,500
40 എച്ച്. പി.	1,07,000
യമഹ	
2 എച്ച്. പി	17,980
7 എച്ച്. പി	47,690
9. 9 എച്ച്. പി.	57,947
25 എച്ച്. പി.	72,710
40 എച്ച്. പി.	1,05,000

(സി) 1201 രൂപ

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly